**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 564** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മെമ്പർ റിലീഫ് ഫണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ വകുപ്പിന്റെ മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സ്കീമിന്റെ പുതുക്കിയ രൂപരേഖ, സ.ഉ.(പി)നം.19/2025/സഹ തീയതി 22.09.2025, സ.ഉ.(സാധാ)നം.545/2025/സഹ തീയതി 28.12.2025 എന്നിവ പ്രകാരം പുറത്തിറക്കിയിട്ടുണ്ട്. അതുപ്രകാരം, അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാവുന്നവർ, വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ(ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ, പ്രകൃതിദുരന്തത്തിൽപ്പെട്ട് വീടും അനുബന്ധ സ്വത്തുവകകളും നഷ്ടപ്പെട്ടവർ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണ വകുപ്പ് സെക്രട്ടറിയും, സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെടുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു -

ഓൺലൈൻ അപേക്ഷയോടൊപ്പം അപേക്ഷകൻ താഴെപറയുന്ന രേഖകൾ പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

1. റേഷൻ കാർഡിന്റെ ആദ്യ പേജ്

2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

3. അംഗീകൃത മെഡിക്കൽ ആഫീസറിൽ (മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ ആശുപത്രികൾ) നിന്നും ലഭിച്ച മെഡിക്കൽ റിപ്പോർട്ടും, ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും,

4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷകൻ അംഗമായിട്ടുള്ള സഹകരണ സംഘത്തിന്റെ മുഖ്യ കാര്യദർശിക്ക് ഓൺലൈൻ ആയി അപേക്ഷയും മറ്റ് അനുബന്ധങ്ങളും അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ മുഖ്യ കാര്യദർശി സംഘം ഭരണ സമിതിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതാണ്.

സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണസമിതി വിശദമായി പരിശോധിച്ച ശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണസമിതി തീരുമാനവും അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗവിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യ കാര്യദർശിയുടെ സാക്ഷ്യപത്രവും ഓൺലൈൻ പോർട്ടലിൽ അപ്പ് ലോഡ് ചെയ്ത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർക്ക് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

| |
|---|
| സംഘത്തിൽ നിന്നും യൂണിറ്റ് ഇൻസ്പെക്ടർക്ക് ഓൺലൈൻ ആയി ലഭിക്കുന്ന അപേക്ഷ അതത് അസിസ്റ്റന്റ് രജിസ്ട്രാർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം സഹകരണ സംഘം രജിസ്ട്രാർക്ക് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നമുറയ്ക്ക് അനുവദിച്ച ധനസഹായതുക ഗുണഭോക്താക്കൾക്ക് നൽകുന്നതിലേയ്ക്കായി ഗുണഭോക്താക്കൾ അംഗമായ സംഘത്തിന്റെ ലിസ്റ്റും ടി സംഘങ്ങളുടെ കേരള സംസ്ഥാന സഹകരണ ബാങ്കിലെ അക്കൗണ്ട് വിവരങ്ങളും ഉത്തരവും ഉൾപ്പടെ കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്നതാണ്.<br><br>ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപമാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |
| |
| |

**(ബി)** കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച ആകെ തുക എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആകെ 3850 ഗുണഭോക്താക്കൾക്ക് ആകെ 8,60,75,000/-രൂപ (എട്ട് കോടി അറുപത് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | അപേക്ഷകളുടെ എണ്ണം | തുക (രൂപയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 97 | 22,60,000 |
| 2 | കൊല്ലം | 132 | 29,70,000 |
| 3 | പത്തനംതിട്ട | 96 | 21,00,000 |
| 4 | ആലപ്പുഴ | 140 | 30,80,000 |
| 5 | കോട്ടയം | 573 | 1,29,10,000 |
| 6 | ഇടുക്കി | 74 | 16,45,000 |
| 7 | എറണാകുളം | 1271 | 2,79,50,000 |
| 8 | തൃശ്ശൂർ | 147 | 33,25,000 |
| 9 | പാലക്കാട് | 141 | 31,85,000 |
| 10 | മലപ്പുറം | 149 | 33,30,000 |
| 11 | കോഴിക്കോട് | 251 | 54,55,000 |
| 12 | വയനാട് | 14 | 3,05,000 |
| 13 | കണ്ണൂർ | 639 | 1,47,05,000 |
| 14 | കാസറഗോഡ് | 126 | 28,55,000 |

| | | | |
|---|---|---|---|
| | **ആകെ** | **3850** | **8,60,75,000/-** |

**സെക്ഷൻ ഓഫീസർ**